**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **28-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വന്യമൃഗ ശല്യം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ ഉർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വന മേഖലയുമായി അതിർത്തി പങ്കിടുന്ന പമ്പ റെയിഞ്ചിലെ എരുമേലി പഞ്ചായത്തിൽ ഉൾപ്പെട്ട പമ്പാവാലിയിലെ ജനവാസമേഖലകളിൽ വന്യമൃഗ പ്രതിരോധ സംവിധാനങ്ങളുടെ ഭാഗമായി 21.68 കി.മി ദൂരത്തിൽ സോളാർ വേലിയും 11.09 മീറ്റർ ദൂരത്തിൽ ട്രഞ്ചുംസ്ഥാപിച്ചിട്ടുണ്ട്. സോളാർ വേലിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ലൈൻമാന്മാരേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ പെരിയാർ വെസ്റ്റ് ഡിവിഷൻ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ഉപയോഗിച്ചു വരുന്നു.<br>കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിന്റെ അധീനതയിൽ വരുന്നതും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതുമായ വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വന്യജീവി ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം എരുമേലി പഞ്ചായത്തുകളിൽ 42.66 കി.മി ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ ദിവസവേതന വാച്ചർമാരെ ഉൾപ്പെടുത്തി സൗരോർജ്ജവേലികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൃത്യമായ ഇടവേളകളിൽ സൗരോർജ്ജവേലികളുടെ സമീപത്തുള്ള അടിക്കാടുകൾ വെട്ടിത്തെളിച്ച് വേലിയുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>വന്യജീവി ആക്രമണം തടയുന്നതിനായി പ്രശ്നബാധിത മേഖലകളിലെ തദ്ദേശവാസികളെ പങ്കെടുപ്പിച്ച് ജനജാഗ്രതാ സമിതികൾ രൂപികരിച്ചിട്ടുള്ളതും യോഗങ്ങൾ നിശ്ചിത സമയക്രമങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തി വരുന്നതുമാണ്. തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ മുൻപിനാലെ വന്യജീവി സംഘർഷം രൂക്ഷമായ ചില മേഖലകളിൽ നടത്തിയിട്ടുള്ളതും ഭാവിയിലും ഗ്രാമപഞ്ചായത്ത് അധികൃതരുമായി കൂടി ആലോചിച്ച് അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | വന്യമൃഗങ്ങളിൽ നിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ പന്നിവെട്ടുംപാറ വരെ അഞ്ഞൂറ് മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 12.43 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | NABARD Tranche XXVIII (2022-23) വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി ഹൈറേഞ്ച് സർക്കിൾ, മനുഷ്യ-വന്യജീവി സംഘർഷ പ്രതിരോധത്തിനായി 991.07 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നെങ്കിലും Tranche XXVIII -ന് അനുവദിച്ചിട്ടുള്ള അലോക്കേഷന് ഉപരിയായുള്ള പദ്ധതി രേഖകൾ നബാർഡിനു ലഭ്യമാക്കി കഴിഞ്ഞതിനാൽ ഈ പദ്ധതിക്കു നബാർഡിന്റെ അംഗീകാരം ലഭിച്ചില്ല. |

സെക്ഷൻ ഓഫീസർ